## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.89
### 08.02.2016- ലെ മറുപടിക്ക്

### എ.ഡി.എഫ്.പ്രൊപ്പോസലുകളുടെ ഭരണാനുമതി

| ചോദ്യം<br>**ശ്രീ. ബി.ഡി. ദേവസ്സി** | ഉത്തരം<br>**ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി)** |
|---|---|
| (എ) 2015-16 വർഷത്തിൽ ആസ്തിവികസന ഫണ്ടുവഴി നടപ്പാക്കുന്നതിനായി എം.എൽ.എമാർ സമർപ്പിച്ച നിർദ്ദേശങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പ് വഴി അനുമതി നൽകേണ്ട ഫയലുകൾ ധനകാര്യ വകുപ്പിൽനിന്നും സോഫ്റ്റ്‌വെയർ സംവിധാനം വഴി തദ്ദേശസ്വയംഭരണ വകുപ്പിന് അയച്ച് ആഴ്ചകൾ പിന്നിട്ടിട്ടും പ്രസ്തുത ഇ ഫയലുകൾ ഓപ്പൺ ചെയ്യുന്നതിനോ നടപടികൾ സ്വീകരിക്കുന്നതിനോ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുവാൻ വളരെ കുറച്ച് സമയം മാത്രം ബാക്കി നിൽക്കുന്ന സമയത്തുണ്ടായ ഈ ഗുരുതരമായ കാലതാമസവും സാങ്കേതിക തടസ്സവും ഒഴിവാക്കുന്നതിനും ഇത്തരം എ.ഡി.എഫ്. പ്രൊപ്പോസലുകൾ അടിയന്തിരമായി പരിഗണിച്ച് ഭരണാനുമതി നൽകുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ? | ഭരണ വകുപ്പുകളിലെ ആസ്തിവികസന ഫണ്ട് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ ഓഫീസിൽ വച്ച് സോഫ്റ്റ് വെയർ സംബന്ധമായ ട്രെയിനിംഗ് നൽകുകയുണ്ടായി. കൂടാതെ സോഫ്റ്റ് വെയർ സംവിധാനം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് ജീവനക്കാരെ സഹായിക്കാൻ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ രണ്ട് ടെക്നീഷ്യൻമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. അതോടൊപ്പം സോഫ്റ്റ് വെയർ പ്രവർത്തനങ്ങൾക്കായുള്ള മാർഗനിർദ്ദേശങ്ങൾ വകുപ്പുകൾക്ക് നൽകിവരുന്നുണ്ട്. |

Sreekumar

**സെക്ഷൻ ഓഫീസർ**